# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1837

01-02-2018 ൽ മറുപടിയ്ക്ക്

## ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് : | പിണറായി വിജയൻ ( മുഖ്യമന്ത്രി) |

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് ആരോപണങ്ങൾ അന്വേഷിക്കുന്നതിന് നിയുക്തനായ ജസ്റ്റിസ് രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി രൂപീകൃതമായ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിന് നിയുക്തനായ ജസ്റ്റീസ്. (റിട്ട) സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി രൂപീകൃതമായ കമ്മീഷന്റെ പ്രവർത്തനം 18-07-2017 ന് ആരംഭിച്ചു. കമ്മീഷന്റെ കാലാവധി 17-01-2018 ന് അവസാനിച്ചതിനാൽ ആറു മാസത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്താണ് ; വിശദാംശം നൽകുമോ ?

(ബി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തേക്കുള്ള സി.&എ.ജി. യുടെ 4-ാം നമ്പർ റിപ്പോർട്ടിൽ, 3-ാം അദ്ധ്യായത്തിൽ പരാമർശിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ നടപ്പാക്കൽ സംബന്ധിച്ച് കണ്ടെത്തിയ ന്യൂനതകളും ക്രമക്കേടുകളും സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ പൊതു താത്പര്യത്തിന് വിരുദ്ധമായും പൊതു ഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുന്നതുമായ തീരുമാനം ടി പദ്ധതിയുടെ കരാർ നൽകുന്ന കാര്യത്തിൽ എടുത്തത് ആരൊക്കെയാണെന്നും അങ്ങനെ തീരുമാനം എടുത്തതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും കണ്ടെത്തണം.
2. മേൽ പ്രകാരം തീരുമാനം എടുക്കുവാൻ ഉണ്ടായ ബാഹ്യഘടകങ്ങൾ, പ്രേരണകൾ, സ്വകാര്യ താത്പര്യങ്ങൾ, അനർഹമായ

പരിഗണനകൾ എന്നിവ എന്തൊക്കെയാണ് ?

3. മേൽപ്പറഞ്ഞ കരാർ നൽകുവാനുള്ള തീരുമാനത്തിന്റെ ഭാഗമായി കരാർ ഏറ്റെടുത്ത കമ്പനിക്ക് അനർഹമായ സാമ്പത്തിക ലാഭം ഉണ്ടാക്കുവാനും പൊതുഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുവാനുമുള്ള തീരുമാനം എടുത്തതും, അതിനുത്തരവാദികളുമായ പൊതുസേവകർക്ക് അനർഹമായ സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കൊക്കെ ?
4. പൊതു താത്പര്യത്തിന് വിരുദ്ധമായതും, ക്രമപ്രകാരമല്ലാത്തതുമായ കരാർ സംബന്ധിച്ച തീരുമാനങ്ങൾ എടുത്തതിന് ഉത്തരവാദികളായവരുടെമേൽ സ്വീകരിക്കാവുന്ന നിയമ നടപടികൾ എന്തൊക്കെ ?
5. മേൽപ്രകാരം കരാർ നൽകിയതിൽ പൊതുഖജനാവിനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ കൈക്കൊള്ളേണ്ടുന്ന നിയമ നടപടികൾ എന്തൊക്കെ ?
6. മേൽപ്പറഞ്ഞ കാര്യങ്ങളോട് അനുബന്ധമായോ അനുപൂരകമായോ ഉള്ള മറ്റു കാര്യങ്ങൾ.

**സെക്ഷൻ ഓഫീസർ**